സമരം വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒത്തു തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

കാർബൺ ബ്ലാക്ക് കമ്പനിയിൽ രണ്ടുമാസത്തിലധികമായി തൊഴിലാളികൾ നടത്തിവരുന്ന പണിമുടക്ക് സമരം ഒത്തു തീർപ്പാക്കുന്നതിനുള്ള ചർച്ചകൾ റീജിയണൽ ലേബർ കമ്മീഷണറുമായി നടന്നുവരുന്നു. മന്ത്രിതലത്തിൽ ചർച്ചകൾ ആവശ്യമെന്ന് കണ്ടാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

മൈലത്ത് വ്യവസായം തുടങ്ങാൻ നടപടി

27 (1368)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ മൈലം എന്ന സ്ഥലത്ത് വ്യവസായം തുടങ്ങുന്നതിനുവേണ്ടി സർക്കാർ ഏറ്റെടുത്ത സ്ഥലത്ത് ഇതുവരെ എത്ര വ്യവസായ സംരംഭകർ സന്ദർശിച്ചിട്ടുണ്ട്;

(ബി) ഇവിടെ വ്യവസായം തുടങ്ങുന്നതിന് ഏതെങ്കിലും ഏജൻസികൾ മുന്നോട്ടു വന്നിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥലത്തുനിന്നുമുള്ള ആദായം സംരക്ഷിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുതിയ സാമ്പത്തിക വർഷത്തിൽ പൊതുമേഖലയിൽ ഈ സ്ഥലത്ത് എന്തെങ്കിലും വ്യവസായം തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്തു വ്യവസായം എന്നറിയിക്കുമോ;

(എഫ്)മൈലം ഭൂമിയിൽ വ്യവസായം തുടങ്ങുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)കൊക്കോകോള ബോട്ട്ലിംഗ് പ്ലാന്റിനുവേണ്ടിയും, കുവൈറ്റിലെ ഗോൾഡൻ ഫ്രൈസിനു വേണ്ടിയും വ്യവസായ സംരംഭകർ സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കിൻഫ്ര ഏറ്റെടുത്ത 12 ഏക്കർ സ്ഥലത്ത് തെങ്ങിൽനിന്നുള്ള ആദായം എടുക്കുന്നതിനുവേണ്ടിയുള്ള അവകാശം പത്ര പരസ്യത്തിലൂടെ കിൻഫ്ര ടെണ്ടർ വിളിച്ച് നൽകിയിട്ടുണ്ട്.

(ഡി)-(എഫ്) മൈലത്ത് വ്യവസായ സംരംഭകരെക്കൊണ്ട് വ്യവസായങ്ങൾ തുടങ്ങിക്കുന്നതിനുള്ള ശ്രമം കിൻഫ്ര നടത്തിവരുന്നു.

പ്രഭുറാം മില്ലിന്റെ പ്രവർത്തനം

28 (1369)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly